രോഗമുണ്ടെന്ന് രണ്ടുതവണ ++ ഇല്ലെന്ന് മൂന്നുതവണ ▬ ▬ ▬

യുവാവിന്റെ പരിശോധനാഫലം വീണ്ടും പോസിറ്റീവ്

ഗൾഫിൽനിന്ന് വന്ന യുവാവിന് പിതാവിനെ അവസാനനോക്ക് കാണാനായില്ല

പെരിങ്ങത്തൂർ ▸ പാനൂർ നഗരസഭയിലെ കരിയാട് പുളിയനമ്പ്രം സ്വദേശിയായ യുവാവ് തൻെറ കോവിഡ് പരിശോധനാഫലത്തിൽ ആശങ്കയോടെ കഴിയുന്നു. ജൂലായ് അഞ്ചിന് ദുബായിൽനിന്ന് നാട്ടിലെത്തിയ ഈ 34 കാരന് കഴിഞ്ഞയാഴ്ചയാണ് കോവിഡ് സ്ഥിരീകരിച്ചത്.

നിരീക്ഷണത്തിൽ കഴിഞ്ഞിരുന്ന യുവാവ്, വീട്ടിൽ ഹൃദയസംബന്ധമായ ചികിത്സയിൽ കഴിയുന്ന പിതാവുള്ളതിനാൽ ഒരു രോഗലക്ഷണവുമില്ലാതെ പതിനഞ്ചാംദിവസം തലശ്ശേരി ജനറൽ ആസ്പത്രിയിൽ സ്രവപരിശോധന നടത്തി. വീട്ടിൽത്തന്നെയുള്ള പിതാവിനെ കാണാൻ വേണ്ടിയായിരുന്നു ഇങ്ങനെ ചെയ്തത്. പരിശോധനാഫലം പോസിറ്റീവ് ആയിരുന്നു.

കഴിഞ്ഞ ഏപ്രിലിൽ ദുബായിൽ കോവിഡ് പോസിറ്റീവായി ചികിത്സയിലായിരുന്ന ഈ യുവാവിന് അസുഖം മാറി നെഗറ്റീവ് ഫലം വന്നിരുന്നു.

ഇതിനു ശേഷം ദുബായിലെ ലത്തീഫിയ ആസ്പത്രിയിൽ ഒരു രോഗിക്കായി യുവാവ് തൻെറ പ്ലാസ്മയും നൽകി. പ്ലാസ്മ നൽകാൻ ഓൺലൈനായി സന്നദ്ധത അറിയിക്കുകയായിരുന്നു. അഞ്ചിന് കണ്ണൂർ വിമാനത്താവളത്തിൽ നടത്തിയ ആൻറിജൻ ടെസ്റ്റിൽ നെഗറ്റീവായ യുവാവിന് വീണ്ടും തലശ്ശേരിയിൽ നടത്തിയ സ്രവപരിശോധനയിലാണ് പോസിറ്റീവായത്. ആശങ്കയിൽ കഴിയുന്നതിനിടെ യുവാവിൻെറ പിതാവ് ബുധനാഴ്ച മരിച്ചു.

ഇദ്ദേഹത്തിൻെറ മരണാനന്തര പരിശോധനയുടെ ഫലം നെഗറ്റീവ് ആയിരുന്നു. അടുത്തുനിന്ന്പിതാവിനെ ശുശ്രൂഷിക്കാൻ പോലുമാവാതെ പോയതിൽ അതീവ ദുഃഖിതനായ ഇദ്ദേഹം ഇപ്പോൾ ധർമടം പാലയാട് കോവിഡ്ചികിത്സാകേന്ദ്രത്തിലാണുള്ളത്.

23 വാർഡുകൾകൂടി കണ്ടെയ്ൻമെന്റ് സോണിൽ



കണ്ണൂർ ▸ പുതുതായി കോവിഡ് റിപ്പോർട്ട് ചെയ്യപ്പെട്ട ജില്ലയിലെ 23 തദ്ദേശ സ്വയംഭരണ വാർഡുകൾകൂടി കണ്ടെയ്ൻമെൻറ് സോണുകളായി പ്രഖ്യാപിച്ചു. മട്ടന്നൂർ 13, ഏരുവേശ്ശി രണ്ട്, ഏഴ്, ചെറുകുന്ന് ആറ്, ചെങ്ങളായി ഒന്ന്, കൊട്ടിയൂർ ഒന്ന്, ആറ്, മയ്യിൽ 17, കോളയാട് രണ്ട്, കൊളച്ചേരി ഒമ്പത്, ചെമ്പിലോട് 11, മുണ്ടേരി മൂന്ന്, പരിയാരം രണ്ട്, കൂത്തുപറമ്പ് 28 എന്നീ വാർഡുകളാണ് പുതുതായി കണ്ടെയ്ൻമെൻറ് സോണുകളായത്.

ഇവിടങ്ങളിൽ വിദേശരാജ്യങ്ങളിൽനിന്നും ഇതര സംസ്ഥാനങ്ങളിൽനിന്നും എത്തിയവർക്കാണ് കോവിഡ് ബാധയെന്നതിനാൽ രോഗികളുടെ വീട് കേന്ദ്രമാക്കി 100 മീറ്റർ ചുറ്റളവിൽ വരുന്ന പ്രദേശങ്ങളാണ് കണ്ടെയ്ൻമെൻറ് സോണുകളാക്കുക. ഇതിനു പുറമേ, സമ്പർക്കം മൂലം രോഗബാധയുണ്ടായ കണ്ണൂർ കോർപ്പറേഷനിലെ 40-ാം ഡിവിഷനും ആലക്കോട് 13, ഏരുവേശ്ശി ഒൻപത്, മാടായി 14, ആറളം 10, മുണ്ടേരി 11, എരമം കുറ്റൂർ അഞ്ച്, പെരിങ്ങോം വയക്കര രണ്ട്, തൃപ്പങ്ങോട്ടൂർ ഒൻപത് എന്നീ വാർഡുകളും പൂർണമായി അടച്ചിടും.

രാമകഥാസാഗരം

ശ്രീരാമന്റെ ദാർശനികധീരത

ഡോ. ലക്ഷ്മി ശങ്കർ

മനുഷ്യൻ ഏത് പ്രേരണയാലാണ് വികാരവിക്ഷോഭത്തോടെ കർമങ്ങൾ ചെയ്യുന്നത് എന്ന ഭഗവദ്ഗീതയിലെ പ്രസക്തമായ ഒരു സന്ദേഹമുണ്ട്. അതിന് കൃഷ്ണൻ നൽകുന്ന മറുപടി മനുഷ്യൻെറ ആന്തരികസ്വത്വത്തിലേക്ക് വഴിതുറക്കുന്നതാണ്. രജോഗുണമാണ് മനുഷ്യനിലെ പ്രധാന ചാലകശക്തി. രജോഗുണത്തിൻെറ സന്തതികളായ 'കാമവും ക്രോധവുമാണ്' മനുഷ്യൻെറ പ്രേരണ. അയോധ്യാകാണ്ഡത്തിൽ ശ്രീരാമപട്ടാഭിഷേകം മുടങ്ങിയെന്നും രാമൻ പതിന്നാലുസംവത്സരം കാട്ടിൽപോകണമെന്നുമുള്ള വാർത്തകേട്ട് അത്യധികം ക്രുദ്ധനായി അഗ്നിയപ്പോലെ ജ്വലിച്ച ലക്ഷ്മണന്, വാത്സല്യത്തിൻെറയും കാരുണ്യത്തിൻെറയും അമൃതകിരണമായി ശ്രീരാമൻ നൽകുന്ന വേദാന്തസാരസംഗ്രഹമാണ്, ഗീതോപദേശമാണ് ലക്ഷ്മണസാന്ത്വനം. ലക്ഷ്മണനെ നിമിത്തമാക്കി ശ്രീരാമൻ ലോകത്തിനുപദേശിച്ച ഈ സാന്ത്വനഗീതങ്ങൾ മനസ്സിൻെറ മാത്സര്യഭാവം വെടിഞ്ഞ് അനുശീലനം ചെയ്യേണ്ട ജീവിതസത്യങ്ങളാണ്. കാമക്രോധാദികളാൽ സ്വയം മറന്ന രാവണപരാക്രമങ്ങളാണല്ലോ രാമൻെറ യാത്രയിൽ അലോസരങ്ങൾ സൃഷ്ടിച്ചത്. മനുഷ്യമനസ്സിൽ കാമം രൂപപ്പെടുന്ന, മോഹം ഉണരുന്ന, ഭ്രമിപ്പിക്കുന്ന ലോകകാഴ്ചകളിൽ സ്വയം മതിമറക്കുന്ന ഏറെ സൂക്ഷ്മമായ ഭാവങ്ങളെ ഏറെ ജാഗ്രതയോടെ അനുസന്ധാനംചെയ്യാൻ ശ്രീരാമൻെറ ഈ വാക്കുകൾ നമ്മെ സജ്ജരാക്കുന്നു.



വര: പ്രദീപ്കുമാർ

ഒരു വഴിയമ്പലത്തിൽ താന്തരായ് ഒത്തുകൂടി പരസ്പരം ഒന്നായിക്കഴിഞ്ഞുകൂടി പിരിഞ്ഞുപോകുംപോലെ ക്ഷണികമാണ് ഈ ലോകജീവിതം. രോഗങ്ങളും വാർധക്യവും ജരയും മാനസികമായ പിരിമുറുക്കങ്ങളും ഏതുനിമിഷവും കുടിയേറിയേക്കാവുന്ന ശരീരം. ഒരു നേരവും പിരിയാതെ സന്തതസഹചാരിയായ മൃത്യു. ഈ ലോകത്തിലെ ഓരോ നിമിഷവും നാം കടന്നുപോകുന്ന ഓരോ അനുഭവങ്ങളും അത്തരമൊരു നിതാന്തമായ ജാഗ്രതയിലേക്കാണ് നമ്മെ നയിക്കുന്നത്. ഏറെ കരുതലോടെ അതിനെ അവബോധത്തോടെ 'ക്ഷണ പ്രഭാചഞ്ചലമായ' ലോകജീവത്തിൻെറ നശ്വരതയെ നാം തിരിച്ചറിയേണ്ടതുണ്ട്.

'ക്രോധം പരിത്യജിക്കേണം ബുധജനം' എന്നതാണ് ലക്ഷ്മണസാന്ത്വനത്തിൻെറ സാരമായ പ്രായോഗിക ജീവിതദർശനം. ക്രോധം മനുഷ്യനിലെ ധാർമിക ചിന്തകളെ കാർന്നുതിന്നുന്ന ഭീകരതയാണ്. ക്രോധത്താൽ വൈകാരിക അസന്തുലിതാവസ്ഥ പ്രാപിക്കുന്ന മനുഷ്യൻ കാർത്തവ്യാകർത്തവ്യങ്ങൾ മറക്കുന്നു. കാമമാണ് ക്രോധത്തിൻെറ സഹചാരി. സുഘടിതമായ ജീവിതവ്യവസ്ഥകളുടെയും സാമൂഹിക ബന്ധങ്ങളുടെയും കാതൽ വ്യക്തിയും സമൂഹവും അവനിലെ കാമക്രോധാദികളെ സ്വയംസംസ്കരിച്ച് ആർജിക്കുന്ന വൈകാരികപക്വതയാണ്. അത്യന്തം കലുഷിതമായ സമകാലിക സാമൂഹികഘടനയിൽ വ്യക്തികൾ നിർബന്ധമായും ശീലിക്കേണ്ട വൈകാരിക സംലയത്തിൻെറ ജീവിതകലയാണ് ശ്രീരാമചന്ദ്രനിലെ ദാർശനികധീരത.

▶ കോവിഡ് വ്യാപനം തടയാൻ കടകളിൽ കൂടുതൽ മുൻകരുതലെടുക്കുന്നവർ. വളപട്ടണത്തെ കാഴ്ച

ജില്ലയിൽ 51 പേർക്കുകൂടി കോവിഡ്

- 11 പേർക്ക് സമ്പർക്കംവഴി
- ജില്ലയിൽനിന്ന് ഇതുവരെ പരിശോധനയ്ക്കയച്ചത് 24376 സാമ്പിളുകൾ
- ഫലം വന്നത് 23314
- ഫലം ലഭിക്കാനുള്ളത് 1062

കണ്ണൂർ ▸ ജില്ലയിൽ വ്യാഴാഴ്ച 51 പേർക്ക് കോവിഡ് ബാധ സ്ഥിരീകരിച്ചു. ഇവരിൽ 10-പേർ വിദേശത്തുനിന്നും 21-പേർ ഇതര സംസ്ഥാനങ്ങളിൽനിന്നും എത്തിയവരാണ്. 11 പേർക്ക് സമ്പർക്കം മൂലമാണ് രോഗബാധ. എട്ടുപേർ ആരോഗ്യപ്രവർത്തകരും ഒരാൾ തടവുകാരനുമാണ്.

ഇതോടെ ജില്ലയിൽ കോവിഡ് ബാധിച്ചവരുടെ എണ്ണം 1078 ആയി. ഇതിൽ 551 പേർ രോഗം ഭേദമായി ആസ്പത്രി വിട്ടു.

കോവിഡ് 19-മായി ബന്ധപ്പെട്ട് ജില്ലയിൽ നിലവിൽ നിരീക്ഷണത്തിലുള്ളത് 13761 പേരാണ്. ഇവരിൽ അഞ്ചരക്കണ്ടി കോവിഡ് ട്രീറ്റ്മെൻറ് സെൻററിൽ 186 പേരും കണ്ണൂർ ഗവ. മെഡിക്കൽ കോളേജ് ആസ്പത്രിയിൽ 115-പേരും തലശ്ശേരി ജനറൽ ആസ്പത്രിയിൽ 39-പേരും കണ്ണൂർ ജില്ലാ ആസ്പത്രിയിൽ 16 പേരും കണ്ണൂർ ആർമി ആസ്പത്രിയിൽ 19 പേരും ഫസ്റ്റ് ലൈൻ കോവിഡ് ട്രീറ്റ്മെൻറ് സെൻററുകളിൽ 150 പേരും കണ്ണൂർ മിംസ് ആസ്പത്രിയിൽ നാലുപേരും ഏഴിമല നാവികസേനാ ആസ്പത്രിയിൽ ഒരാളും വീടുകളിൽ 13231-പേരുമാണ് നിരീക്ഷണത്തിലുള്ളത്.

കാണാമറയത്തെ ക്ലാസ് മുറിയിൽ കുട്ടികൾക്കൊപ്പം രക്ഷിതാക്കളും

കണ്ണൂർ ▸ രാമപുരത്ത് വാര്യരുടെ കുചേലവൃത്തം വഞ്ചിപ്പാട്ടിലെ വരികളാണ് കടമ്പൂർ എച്ച്.എസ്.എസ്. അധ്യാപികയായ റിൻേറാ സി. ഫ്രാൻസിസ് പഠിപ്പിക്കുന്നത്. ക്ലാസ് ശൂന്യമാണ്. ബെഞ്ചും ഡെസ്കും മാത്രമാണുള്ളത്. പക്ഷേ, യൂണിഫോമിട്ട് ഐ.ഡി.കാർഡ് ധരിച്ച മുഴുവൻ കുട്ടികളും ക്ലാസിൽ 'പ്രസൻറാ'ണ്. വിർച്വൽ പ്രസൻറ്. സാധാരണ ബ്ലാക്ബോർഡിന് പകരമുള്ള സൂപ്പർ സ്പെഷ്യാലിറ്റി ഡിജിറ്റൽ ബ്ലാക്ബോർഡിലേക്ക് നാൽപതോളം കുട്ടികൾ സാകൂതം ക്ലാസ് ശ്രദ്ധിക്കുന്നു. അവരവരുടെ സ്വന്തം വീട്ടുമുറിയിൽ ഇരുന്നുകൊണ്ട്. പ്രതികരിക്കുന്നു, സംശയം ചോദിക്കുന്നു. അധ്യാപികയുടെ ചോദ്യത്തിന് മറുപടി പറയുന്നു. കുട്ടികൾ എഴുതിയ നോട്ട് സ്ക്രീനിൽ തന്നെ വ്യക്തമായി പരിശോധിക്കുന്നു.

തലേന്ന് നടത്തിയ പരീക്ഷയുടെ മാർക്കും കുട്ടികളുടെ ഹാജറും ഡിജിറ്റൽ ബോർഡിൻെറ വലതുഭാഗത്ത് കാണാം. ചിലപ്പോൾ രക്ഷിതാവും അധ്യാപകർക്ക് മുന്നിലെത്തി സംശയങ്ങൾ ചോദിക്കും. ചിലപ്പോൾ അധ്യാപകർ തന്നെ രക്ഷിതാവിനെ 'ക്ലാസി'ലേക്ക് വിളിക്കും. എൽ.കെ.ജി. ക്ലാസുകളിൽ രക്ഷിതാക്കൾ പറ്റാവുന്ന സമയം കുട്ടികൾക്കൊപ്പം ഇരിക്കുന്നുണ്ട്. എല്ലാം ഓൺലൈൻ.

കടമ്പൂർ ഇംഗ്ലീഷ് മീഡിയം സ്കൂളിലെയും എയ്ഡഡ് സ്കൂളിലെയും വിദ്യാർഥികളില്ലാത്ത വിർച്വൽ ക്ലാസിൽ റിൻേറായെപ്പോലുള്ള മുഴുവൻ അധ്യാപകരും സൂം ലെൻസ് ക്യാമറയ്ക്കും മൈക്കിനും മുൻപിൽ ക്ലാസെടുക്കുന്നു. മുഴുവൻ കുട്ടികളും രാവിലെ സ്കൂളിൽ വരുന്ന അതേ യൂണിഫോമിൽ വീട്ടിലെ മുറിയിൽ സ്മാർട്ട് ഫോണിന് മുന്നിൽ ഹാജരാവുന്നു. കോവിഡ് കാലത്തെ ഡിജിറ്റൽ ഓൺലൈൻ ക്ലാസ് സംവിധാനത്തിൽ കേരളത്തിൽ മാതൃകയാവുകയാണ് കടമ്പൂർ ഹയർ സെക്കൻഡറി സ്കൂളും കടമ്പൂർ ഇംഗ്ലീഷ് മീഡിയം സ്കൂളും. അധ്യാപകരെല്ലാം സ്കൂളിൽ കൃത്യസമയത്ത് എത്തുന്നു. അവർ ക്ലാസിൽ പതിവുപോലെ ക്ലാസെടുക്കുന്നു. പോകുന്നു.

ഓൺലൈൻ ക്ലാസുകൾ വ്യാപകമാണെങ്കിലും ഡിജിറ്റൽ ബ്ലാക്ബോർഡുവഴി വിദ്യാർഥികളും അധ്യാപകരും തമ്മിൽ നേരിട്ടുള്ള ഇടപെടൽ സംവിധാനമുള്ള ക്ലാസുകൾ ഇവിടെ മാത്രമാണ്.

വിജ്ഞാനവും വിനോദവും

ഇംഗ്ലീഷ് സ്കൂളിൽ എൽ.കെ.ജി. മുതൽ 10 വരെയും ഹയർ സെക്കൻഡറിയിൽ അഞ്ചുമുതൽ 10 വരെയും ക്ലാസുകൾ തുടങ്ങിയിട്ടുണ്ട്. അറബിക്, ഉറുദു, സംസ്കൃതം ക്ലാസുകളെയും ഓൺലൈൻ ക്ലാസിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വിജ്ഞാനത്തോടൊപ്പം വിനോദവും ക്ലാസിൻെറ ഭാഗമാക്കുന്നുണ്ട്. കൗൺസലിങ്, ഡോക്ടറോട് ചോദിക്കാം തുടങ്ങിയ അനുബന്ധപരിപാടികൂടി തയ്യാറാവുന്നുണ്ടെന്ന് മാനേജർ പി. മുരളീധരനും അധ്യാപകനായ അനിൽകുമാറും പറഞ്ഞു. കൊറോണക്കാലം കുട്ടികൾ എങ്ങനെ പെരുമാറണമെന്ന ബോധവത്കരണത്തിൻെറ സ്കിറ്റ് അധ്യാപകർ തന്നെ അവതരിപ്പിക്കുന്നുണ്ട്.

പ്രത്യേക സോഫ്റ്റ്വെയർ വഴി വേണമെങ്കിൽ സംസ്ഥാനത്തെ നാലരലക്ഷം എസ്.എസ്.എസ്.എൽ.സി. വിദ്യാർഥികൾക്കും ഭാവിയിൽ ഈ സംവിധാനം പ്രയോജനപ്പെടുത്താൻ കഴിയും. അതിനിടെ ജില്ലയിലെ വിവിധ പ്രാദേശിക ചാനലുകളുമായി ബന്ധപ്പെട്ട് എല്ലാവർക്കും ക്ലാസ് എന്ന സംവിധാനത്തിലേക്കും ഈ സ്പെഷ്യൽ ഡിജിറ്റൽ ക്ലാസുകളെ മാറ്റാനാവും. ഈ സ്കൂളിലല്ലാത്ത മറ്റു കുട്ടികൾക്കും ഇതിൻെറ സൗകര്യം ലഭിക്കുമെന്ന് പി. മുരളീധരൻ പറഞ്ഞു.

ക്ലാസ് ശൂന്യമാണ്. പക്ഷേ, യൂണിഫോമിട്ട് ഐ.ഡി.കാർഡ് ധരിച്ച മുഴുവൻ കുട്ടികളും ക്ലാസിൽ 'പ്രസന്റാ'ണ്. **വിർച്വൽ പ്രസന്റ്**

▶ ശൂന്യമായ ക്ലാസിൽ ക്ലാസെടുക്കുന്ന അധ്യാപിക. ഡിജിറ്റൽ ബ്ലാക്ബോർഡിൽ കുട്ടികൾ

▶ വിദ്യാർഥിക്കൊപ്പം രക്ഷിതാവും

ഡിജിറ്റൽ ബ്ലാക്ബോർഡ്

ഒരേസമയം ആയിരം കുട്ടികൾക്ക് ലൈവ് വീഡിയോ ക്ലാസ് കൊടുക്കാൻ പറ്റും. 1190 കുട്ടികൾ ഈ വർഷം എസ്.എസ്.എൽ.സി.ക്ക് പഠിക്കുന്നു. ഇവർ മുഴുവൻ ലൈവ് വീഡിയോ ക്ലാസിലാണ്.

ഈ സംവിധാനത്തിനായി join.nearpad.com എന്ന വെബിലേക്കും പോകാം. മിക്ക ക്ലാസുകളും ഡിജിറ്റൽ ബ്ലാക്ബോർഡോടെ സ്മാർട്ട് ക്ലാസ് റൂമാക്കിയിട്ടുണ്ട്.

എല്ലാറ്റിനും ഇൻറർനെറ്റ് കണക്ഷൻ, ഒപ്പം പ്രഗല്ഭരായ വ്യക്തികളുടെ ക്ലാസുകൾ, വീഡിയോകൾ എന്നിവയും കേൾക്കാം, കാണാം.

വൈകീട്ട് ഏഴുമുതൽ ഒൻപതുവരെ ആക്ടിവിറ്റി ക്ലാസുകളിൽ കുട്ടികൾക്ക് പങ്കെടുക്കാം.

പോലീസുകാരന് കോവിഡ്

പാടിയോടുചാൽ ▸ പാടിയോട്ടുചാലിൽ പോലീസ് ഉദ്യോഗസ്ഥനും ഒരു സ്ത്രീക്കും കോവിഡ് സ്ഥിരീകരിച്ചു. പാടിയോട്ടുചാൽ സ്വദേശിയായ കാസർകോട് ജില്ലയിൽ ജോലിചെയ്യുന്ന പോലീസ് ഉദ്യോഗസ്ഥനാണ് രോഗം സ്ഥിരീകരിച്ചത്. കണ്ണൂർ മെഡിക്കൽ കോളേജ് ആസ്പത്രിയിൽ ചികിത്സയിലുള്ള പാടിയോട്ടുചാലിലെ ഒരു സ്ത്രീക്കും രോഗം സ്ഥിരീകരിച്ചു. സ്ത്രീ മറ്റ് സംസ്ഥാനത്തിൽനിന്ന് വന്നതല്ല. രോഗവുമായി ബന്ധപ്പെട്ട് കണ്ണൂർ മെഡിക്കൽ കോളേജിൽ പ്രവേശിച്ചപ്പോഴാണ് രോഗം സ്ഥിരീകരിച്ചത്.

കാസർകോട് ജില്ലയിൽ സേവനം ചെയ്തിരുന്ന പോലീസ് ഉദ്യോഗസ്ഥൻ കോവിഡ് ബാധിച്ച പ്രദേശത്ത് സേവനംചെയ്തിരുന്നു. ബുധനാഴ്ച ഭാര്യയെ ഡോക്ടറെ കാണിക്കാൻ പെരിങ്ങോം താലൂക്ക് ആസ്പത്രിയിൽ എത്തിയിരുന്നു. ഈ സമയത്ത് താലൂക്ക് ആസ്പത്രിയിലുണ്ടായിരുന്നവരെ ക്വാറൻറീനിലാക്കുവാനുള്ള നടപടി ആരോഗ്യ വകുപ്പ് സ്വീകരിച്ചു. സ്ത്രീക്ക് സമൂഹവ്യാപനത്തിൽനിന്ന് രോഗം വന്നതാവാമെന്ന നിഗമനത്തിലാണ് അധികൃതർ. നിലവിലുള്ള കോവിഡ് പരിശോധന ആഴ്ചയിൽ രണ്ടുതവണ നടത്തുമെന്ന് താലൂക്ക് ആസ്പത്രി അധികൃതർ അറിയിച്ചു.

▶ മുണ്ടയാട് സ്പോർട്സ് കോംപ്ലക്സിൽ തുടങ്ങുന്ന കോവിഡ് പ്രാഥമിക ചികിത്സാകേന്ദ്രത്തിന് സൂപ്പർമാർക്കറ്റ് വെൽഫെയർ അസോസിയേഷൻ ഓഫ് കേരള (എസ്.ഡബ്ല്യു.എ.കെ.) കണ്ണൂർ ശാഖ നൽകുന്ന ടെലിവിഷൻ സെറ്റ് ഡെപ്യൂട്ടി കളക്ടർമാരായ ജയശ്രീ, ബീന, ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് കെ.വി. സുമേഷ് എന്നിവർ ഏറ്റുവാങ്ങുന്നു. എസ്.ഡബ്ല്യു.എ.കെ. പ്രസിഡൻറ് സി.സി. ദിനേഷ്, സെക്രട്ടറി അബ്ദുൾ അസീസ്, ഡയറക്ടർ വി.വി. മുനീർ എന്നിവർ സമീപം. 12 ടെലിവിഷൻ സെറ്റുകളാണ് എസ്.ഡബ്ല്യു.എ.കെ നൽകിയത്

റിമാൻഡ് പ്രതിക്ക് കോവിഡ്: ആറളം പോലീസ് സ്റ്റേഷനിലെ ഏഴ് പോലീസുകാർ നിരീക്ഷണത്തിൽ

ഇരിട്ടി ▸ മോഷണക്കേസിൽ തെളിവെടുപ്പിനായി കൊണ്ടുവന്ന പ്രതിക്ക് കോവിഡ് സ്ഥിരീകരിച്ചതിനെത്തുടർന്ന് ആറളം പോലീസ് സ്റ്റേഷനിലെ ഏഴ് പോലീസുകാർ നിരീക്ഷണത്തിൽ പ്രവേശിച്ചു. ഒരു മൊബൈൽ ഫോൺ മോഷണംപോയ കേസുമായി ബന്ധപ്പെട്ട് റിമാൻഡിൽ കഴിയുകയായിരുന്ന പ്രതിയെ 21-ന് രാവിലെ 10.30-ന് ജയിലിൽനിന്ന് ആറളം പോലീസ് കസ്റ്റഡിയിൽ വാങ്ങുന്നത്. തുടർന്ന് 12-ന് കോടതിയിൽ ഹാജരാക്കി.

രണ്ടുമണിയോടെ പോലീസ് സ്റ്റേഷനിൽ എത്തിക്കുകയും 2.30 മുതൽ 3.30 വരെ വെളിമാനത്ത് തെളിവെടുപ്പ് നടത്തുകയും ചെയ്തു. തുടർന്ന് കണ്ണൂർ ജില്ലാ ആസ്പത്രിയിൽ പരിശോധനയ്ക്കുശേഷം താത്ക്കാലിക കൊവിഡ് ജയിലായി പ്രവർത്തിക്കുന്ന സ്ഥലത്ത് പ്രതിയെ എത്തിക്കുകയായിരുന്നു പ്രതിയുമായി സമ്പർക്കത്തിലുള്ള നാല് പോലീസുകാരും അന്ന് സ്റ്റേഷനിൽ ഉണ്ടായിരുന്ന മൂന്ന് പോലീസുകാരുമാണ് ഇപ്പോൾ നിരീക്ഷണത്തിൽ പോയിരിക്കുന്നത്.

കസ്റ്റഡിയിൽ വാങ്ങുമ്പോൾ പ്രതിക്ക് കോവിഡ് നെഗറ്റീവ് ആയിരുന്നു.

മണൽമാഫിയയുടെ ആക്രമണത്തിനിരയായ മുൻ എസ്.ഐ.യുടെ മകന് സർക്കാർജോലി

കണ്ണൂർ ▸ മണൽമാഫിയയുടെ ആക്രമണത്തിനിരയായി കിടപ്പിൽ കഴിയുന്ന മുൻ എസ്.ഐ.യുടെ മകന് സർക്കാർജോലി നൽകാൻ തീരുമാനം. പരിയാരം സ്റ്റേഷനിലെ മുൻ എസ്.ഐ. കെ.എം. രാജൻെറ മകന് ജോലി നൽകാനാണ് തീരുമാനം. 2015 മേയ് 16-നാണ് ഔദ്യോഗികജോലിയിലായിരുന്ന രാജന് നേരെ മണൽമാഫിയയുടെ ആക്രമണമുണ്ടായത്. പട്ടുവം മുതുകുട സ്വദേശിയാണ് ഇദ്ദേഹം.

പാറോളിക്കടവിൽനിന്ന് മണൽ കടത്തുന്നുണ്ടെന്ന വിവരം ലഭിച്ചതിനെത്തുടർന്ന് എസ്.ഐ. രാജനും സിവിൽ പോലീസ് ഓഫീസർ രഞ്ജിത്തും സാധാരണവേഷത്തിൽ ബൈക്കിൽ കടവിലെത്തുകയായിരുന്നു. മണൽക്കടത്തുസംഘം രക്ഷപ്പെടുന്നതിനിടയിൽ എസ്.ഐ. രാജൻ ലോറിയിൽ സാഹസികമായി പിടിച്ചുകയറി. പിന്നീട് അമ്മാനപ്പാറ-പാണപ്പുഴ റോഡിലെ കാരക്കുണ്ടിനു സമീപം പൊന്നച്ചേരിയിലാണ് വിജനമായ സ്ഥലത്ത് രാജൻ രക്തത്തിൽ കുളിച്ചുകിടക്കുന്നതാണ് കണ്ടത്. രാജൻ 2018-ൽ സർവീസിൽനിന്ന് വിരമിച്ചിരുന്നു. ജോലി നൽകണമെന്ന അഭ്യർഥനയുമായി രാജൻെറ കുടുംബം മുഖ്യമന്ത്രിയെ സമീപിച്ചിരുന്നു. രാജൻെറ മകൻ കെ.എം. സന്ദീപിന് വിഷയം അസാധാരണ കേസായി പരിഗണിച്ച് ജോലി നൽകാനാണ് വ്യാഴാഴ്ച ചേർന്ന മന്ത്രിസഭായോഗം തീരുമാനിച്ചത് .

തീം സോങ് പുറത്തിറക്കി

കണ്ണൂർ ▸ കോവിഡ് പ്രതിരോധത്തിന് ജില്ലാ ഭരണകൂടവും ദേശീയ ആരോഗ്യദൗത്യവും ചേർന്ന് നടത്തുന്ന 'ഇതും നാം അതിജീവിക്കും' കാമ്പയിനിൻെറ തീം സോങ് കളക്ടർ ടി.വി. സുഭാഷ് പുറത്തിറക്കി. ലോക്ഡൗൺകാലവും ക്വാറൻറീനിൽ കഴിയുന്നതിൻെറ ആവശ്യകതയും സാമൂഹിക അകലവും മാസ്കിൻെറ പ്രാധാന്യവുമാണ് ഗാനത്തിൽ ആവിഷ്കരിക്കുന്നത്. റഫീക്ക് അഹമ്മദാണ് ഗാനരചന നിർവഹിച്ചത്. സംഗീതസംവിധാനവും ആലാപനവും നന്ദു കർത്തയാണ്. ചിത്രീകരണം ജയൻ മാങ്ങാടും ക്യാമറ ജലീൽ ബാദുഷയും എഡിറ്റിങ് എ.ആർ. വിപിൻ രവിയും നിർവഹിച്ചിരിക്കുന്നു. കളക്ടറുടെ ചേമ്പറിൽ നടന്ന ചടങ്ങിൽ സബ് കളക്ടർ എസ്. ഇലാക്യ, അസിസ്റ്റൻറ് കളക്ടർ ആർ. ശ്രീലക്ഷ്മി, എ.ഡി.എം. ഇ.പി. മേഴ്സി എന്നിവർ പങ്കെടുത്തു.

ഷൺമുഖംസ് Estd. 1964 ലോഗൻസ് റോഡ്, തലശ്ശേരി
+2 SAY Online Classes 26.07.2020 ന് ആരംഭിക്കുന്നു
Subjects: Mathematics, Biology, Physics, Chemistry
+1, +2 Online Tuition Classes 01.08.2020 ന് ആരംഭിക്കുന്നു
Contact : 9495236428, 9746973801, 8606826741 Principal

പോളിടെക്നിക്ക് :
രണ്ടാം വർഷത്തേക്ക് നേരിട്ട് പ്രവേശനം
(+2 ഫിസിക്സ്, കെമിസ്ട്രി, മാത്തമാറ്റിസ് 50% മാർക്കുള്ളവർക്ക് അപേക്ഷിക്കാം)

കേരളത്തിലെ പൊതുവിദ്യാഭ്യാസ രംഗത്തും ശാസ്ത്ര-സാങ്കേതിക വിദ്യാഭ്യാസ രംഗത്തും ശ്രദ്ധേയരായ 24-ഓളം വിദ്യാഭ്യാസ സ്ഥാപനങ്ങളുള്ള എം. ജി. എം. ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റ്യൂഷൻസിന്റെ കണ്ണൂർ ജില്ലയിലെ പിലാത്തറ എം.ജി.എം. പോളിടെക്നിക്, എറണാകുളം ജില്ലയിലെ പാമ്പാക്കുട എം.ജി.എം. പോളിടെക്നിക്, തിരുവനന്തപുരം ജില്ലയിലെ കിളിമാനൂർ എം.ജി.എം. പോളിടെക്നിക് കോളേജുകളിലെ സിവിൽ, കെമിക്കൽ, മെക്കാനിക്കൽ, ഓട്ടോമൊബൈൽ, ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ്, കമ്പ്യൂട്ടർ എന്നീ കോഴ്സുകളിലേക്ക് ലാറ്ററൽ എൻട്രി (നേരിട്ട് രണ്ടാം വർഷത്തിലേക്ക്) പ്രവേശനത്തിന് ഇപ്പോൾ അപേക്ഷിക്കാം.
+2 ഫിസിക്സ്, കെമിസ്ട്രി, മാത്തമാറ്റിക്സ് വിഷയങ്ങളിൽ 50% മാർക്ക് നേടിയ വിദ്യാർത്ഥികൾക്ക് www.mgmtc.in ൽ ഓൺലൈനായോ കോളേജ് ഓഫീസിൽ നേരിട്ടോ രജിസ്റ്റർ ചെയ്ത് പ്രവേശനം നേടാവുന്നതാണ്.

പോളിടെക്നിക് റഗുലർ
എസ്.എസ്.എൽ.സി പാസ്സായവർക്ക് മേൽപ്പറഞ്ഞ പോളിടെക്നിക് കോളേജുകളിലെ റഗുലർ ഡിപ്ലോമ കോഴ്സുകളിലേക്കും ഓൺലൈനായോ നേരിട്ടോ രജിസ്റ്റർ ചെയ്ത് പ്രവേശനം നേടാവുന്നതാണ്.
+2/എസ്.എസ്.എൽ.സിക്ക് ഉയർന്ന മാർക്ക് നേടിയ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പോടുകൂടി പ്രവേശനം നേടാം.
കൂടുതൽ വിവരങ്ങൾക്ക്
കണ്ണൂർ : 7902 88 4111
എറണാകുളം : 7902 99 5111
കിളിമാനൂർ : 7902 99 7111
Admission Hotline : 7902 99 3111, 99464 83 111, 99464 84 111

Choose Chinmaya, Go Global...
CHINMAYA INSTITUTE OF TECHNOLOGY
(Approved by AICTE and Affiliated to Kannur University, Recognized by Kerala Govt.)
Govindagiri, Chala, P.O. Thottada, Kannur 670 007, Kerala.
Congratulations to Our UNIVERSITY TOPPERS
SANIJA A. 1st Rank, MCA 2019 Kannur University
SIBIN M.S. 2nd Rank, MBA 2019 Kannur University
MBA & MCA ADMISSION 2020
Merit-Based SCHOLARSHIPS of Over ₹35 LAKHS!
• Excellent placement record for last 10 years
• Industry- relevant training and internships
• Full-time Professional faculty from industry and academics
• Own Learning Management System for online education and assessments
• A Project of Chinmaya Mission, a globally respected name in Quality Education

	MBA	MCA
Scholarships based on Percentage of Marks at UG level		
60 - 69%	₹20,000	₹12,000
70% and above	₹40,000	₹20,000
Exclusive scholarships for graduates from Chinmaya colleges in Kerala (Marks no bar)		
	₹40,000	₹20,000

MCA All Kerala ENTRANCE EXAM LAST DATE TO APPLY: 30-07-2020 EXAM ON 08-08-2020 Details on www.chintech.ac.in
Admission in Progress. Apply Now! www.chintech.ac.in
To know more, Call 94952 77800, 97476 86656

CHINMAYA ARTS AND SCIENCE COLLEGE FOR WOMEN
Govindagiri, Chala, Kannur. Tel: 0497 2823535, 94464 90600
E-mail: chinarts.kannur@gmail.com, Website: www.chinarts.ac.in
Congratulations to our University Toppers
Ms. Shivangi A. (I Position, BCA)
Ms. Niketha Manoj (I Position, B.Sc-Biotech)
Ms. Archana Praveen (III Position, B.Sc-Biotech)
Ms. Mithuna Mukesh (I Position, M.Sc-Biotech)
Ms. Anisha T.K. (I Position, MA-English)
Courses Offered
BBA, BCA, B.Com
B.Sc Biotechnology
BA English*
M.Com, MA English
M.Sc Biotechnology
*Subject to Approval
• Highest pass percentage in BCA, BSc Biotechnology, BCom, MSc Biotechnology and 5th Position in BBA in Kannur University • Highly Qualified Faculty Members • Excellent Infrastructure • Computer Labs with High Speed Internet • Well Equipped Labs • Library, Canteen & Transport Facility • Add-on Courses • Regular Online Classes • Serene Atmosphere & Safe Hostel • Certificate Programmes for Life Skill Development • Scholarships for deserving candidates

CHINMAYA MISSION COLLEGE FOR WOMEN
Talap, Kannur- 670 002 (Under School of Distance Education, Kannur/ Calicut University)
Congratulations to our University Toppers
Ms. Anusree K. (I Rank, BBA)
Ms. Amritha Thoppian (I Rank, B.Sc-Maths)
Ms. Shijina K. (III Rank, BCA)
Ms. Hafna Sherin (III Rank, BBA)
Ms. Amritha K. (III Rank, BA-English)
Courses Offered
BA English, MA English
B.Com with Co-operation
B.Sc Maths, BBA
M.Sc Maths, M.Com
BA & MA Economics
BA & MA Sociology
(Subject to Sufficient Applicants)
Tel: 0497 2706659, 2706595, 98477 75007, 94464 90666
E-mail: info@cmckannur.in Website: www.cmckannur.in